പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3138 **29-10-2026-ൽ മറുപടിയ്ക്ക്**

ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. എൻ. ബാലഗോപാൽ	ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി)

(എ) എറണാകുളം കണയന്നൂർ താലൂക്കിൽ ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; ഇവ പരിശോധിച്ച് തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

മറുപടി: എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഭൂമി തരംമാറ്റം സംബന്ധിച്ച് ആകെ 13,465 അപേക്ഷകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിലവിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ 4 ജൂനിയർ സൂപ്രണ്ടുമാരെയും, 8 ക്ലാർക്കുമാരെയും വില്ലേജ് തിരിച്ച് ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ ഫയൽ അദാലത്തുകൾ മുഖാന്തരം ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ